**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4315** **09-08-2021 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതി പ്രവൃത്തികളുടെ നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷക്കെടുതി (ഫ്ലഡ്) പ്രവൃത്തികളുടെ നിർവ്വഹണം നിലവിൽ സങ്കീർണ്ണമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ബി.ഡി.ഒ.യ്ക്ക് പകരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി /അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗത്തെക്കൊണ്ടാണ് നിർവ്വഹണം നടത്തുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ടി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടുവരുന്ന ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗമാണ് പ്രവൃത്തി നടപ്പാക്കുന്നത്. ആയതിനാൽ ടി പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ചുമതല അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബി.ഡി.ഒ)-മാർക്കാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ ഭരണാനുമതി നല്കാറുണ്ട്. ഇത്തരം പ്രവൃത്തികൾ തർക്കങ്ങളില്ലാതെ നടപ്പാക്കുന്നതിനുള്ള ഭരണപരമായ സൗകര്യം കൂടി പരിഗണിച്ചാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. അതോടൊപ്പം ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള അസിസ്റ്റന്റ് എഞ്ചിനിയർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഉണ്ടായാൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ നിയന്ത്രണത്തിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും സാധിക്കുമെന്നതിനാൽ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ